# സ്നാനത്തിന്റെ ഒരവലോകനം

യോഹന്നാൻ പ്രസംഗിച്ചതു മാനസാന്തരസ്നാനമാണ് (മത്തായി 3:2) അതു പാപങ്ങളുടെ മോചനത്തിനായിരുന്നു (മർക്കൊസ് 1:4; ലൂക്കൊസ് 3:3). അവന്റെ പരിവർത്തനക്കാർ വിശ്വസിച്ചു എന്നോ അല്ലെങ്കിൽ മാനസാന്തരപ്പെട്ടു എന്നോ സുവിശേഷങ്ങളിൽ പറയുന്നില്ലെങ്കിലും, അവർ സ്നാനപ്പെട്ടു എന്നു വിവരിക്കുന്നുണ്ട് (മത്തായി 3:6; മർക്കൊസ് 1:5; ലൂക്കൊസ് 3:21; യോഹന്നാൻ 3:23; 4:1). അവർ സ്നാനപ്പെട്ടതുകൊണ്ട്, അവർ അവന്റെ സന്ദേശം കേട്ടു വിശ്വസിച്ചു എന്നും മാനസാന്തരപ്പെട്ടു എന്നും നമുക്കു തീർച്ചയാക്കാം. യോഹന്നാൻ അവരോടു പാപങ്ങൾ ഏറ്റു പറയുവാൻ ഒരിടത്തും ആവശ്യപ്പെട്ടില്ല, എന്നാൽ അവർ ഏറ്റുപറയുകയുണ്ടായി (മത്തായി 3:6).

യോഹന്നാൻ പഠിപ്പിച്ച സ്നാനത്തിനു യേശു കീഴ്പ്പെട്ടു (മത്തായി 3:13–17). യേശു സ്നാനപ്പെട്ടതിനാൽ അറിയപ്പെട്ടതായി യോഹന്നാൻ സാക്ഷീകരിച്ചു (യോഹന്നാൻ 1:31). ഒരു പക്ഷെ അപ്പൊസ്തലനായിരുന്ന യോഹന്നാൻ, യേശുവിന്റെ സ്നാനത്തെ ഈ പ്രസ്താവനകളിൽ പറയുന്നു: “ജലത്താലും രക്തത്താലും വന്നവൻ ഇവൻ ആകുന്നു, ക്രിസ്തുയേശു തന്നെ; ജലത്താൽ മാത്രമല്ല, ജലത്താലും രക്തത്താലും തന്നെ”; “ആത്മാവും സാക്ഷ്യം പറയുന്നു, ആത്മാവു സത്യമല്ലൊ”; “സാക്ഷ്യം പറയുന്നവർ മൂവർ ഉണ്ട്: ആത്മാവും ജലവും രക്തവും; ഈ മൂന്നിന്റേയും സാക്ഷ്യം ഒന്നു തന്നേ” (1 യോഹന്നാൻ 5:6–8).

യോഹന്നാൻ സ്നാപകനേക്കാൾ കൂടുതൽ പേരെ യേശു സ്നാനത്തിനു കൊണ്ടുവന്നിരിക്കാം (യോഹന്നാൻ 3:22, 26; 4:1). ആ ആളാൽ സ്നാനമേറ്റു എന്നു സുവിശേഷങ്ങൾ പറയുന്നുണ്ട്, എന്നാൽ അവർ വിശ്വസിച്ചു എന്നോ, മാനസാന്തരപ്പെട്ടു എന്നോ, ഏറ്റു പറഞ്ഞുവെന്നോ ഒരിടത്തും പറയുന്നില്ല. അവ പ്രത്യേകമായി എടുത്തു പറയാത്തതുകൊണ്ടു അവർ അതൊന്നും ചെയ്തില്ല എന്നു നമുക്കു തീർച്ചപ്പെടുത്താമോ? സ്നാനം പറയുകയും മറ്റുള്ളവ പറയാതിരിക്കയും ചെയ്തിരിക്കുന്നതുകൊണ്ടു നമുക്ക് എങ്ങനെ സ്നാനത്തിന്റെ പ്രാധാന്യത്തെ കുറച്ചു കാണുവാൻ കഴിയും?

അപ്പൊസ്തലന്മാർ സ്നാനപ്പെട്ടു എന്നു നമുക്കു തറപ്പിച്ചു പറയുവാൻ സാധ്യമല്ല, പക്ഷെ അവർ സ്നാനപ്പെട്ടു എന്ന സൂചനയുണ്ട്. കാരണം യോഹന്നാന്റെയും യേശുവിന്റെയും ശിഷ്യന്മാർ സ്നാനമേറ്റിരുന്നു (യോഹന്നാൻ 4:1). തന്റെ ശിഷ്യന്മാരിൽ നിന്നാണ് യേശു തന്റെ അപ്പൊസ്തലന്മാരെ തിരഞ്ഞെടുത്തത് (ലൂക്കൊസ് 6:13), അതിന്റെ അർത്ഥം അവൻ തന്റെ ശിഷ്യന്മാരാകുവാൻ സ്നാനമേറ്റവരെ ആയിരുന്നു തിരഞ്ഞെടുത്തതു എന്നാണ്.

## സ്നാനം പ്രവൃത്തികളിൽ

പ്രവൃത്തികളുടെ പുസ്തകത്തിൽ പറയുന്ന ആളുകളിൽ ചിലർ വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്തു എന്നു വിവരിക്കുന്നുണ്ട്, എന്നാൽ അവർ മാനസാന്തരപ്പെട്ടുവെന്നോ അല്ലെങ്കിൽ ഏറ്റു പറഞ്ഞുവെന്നോ പറയുന്നില്ല (ഐത്യോപ്യനായിരുന്ന ഷണ്ഡന്റേത് ആധികാരികമല്ലെങ്കിൽ). സ്നാനത്തോടൊപ്പം വിശ്വാസത്തെയും പറയുന്നുണ്ട് (പ്രവൃത്തികൾ 8:12; 18:8); എന്നാൽ സ്നാനത്തോടൊപ്പം മാനസാന്തരം പറഞ്ഞിരിക്കുന്നതു ഒരിക്കൽ മാത്രം (പ്രവൃത്തികൾ 2:38), ഏറ്റു പറച്ചൽ അതിനോടൊപ്പം പറഞ്ഞിട്ടുമില്ല. ആളുകളോടു ഏറ്റു പറയുവാൻ പറഞ്ഞതായ ഒരൊറ്റ പ്രസ്താവനയും പ്രവൃത്തികളുടെ പുസ്തകത്തിൽ ഇല്ല. വിശ്വാസത്തെയോ, അല്ലെങ്കിൽ സ്നാനത്തെയോ പറയുമ്പോൾ മാനസാന്തരവും ഏറ്റുപറച്ചലും തീർച്ചയായും ഉൾപ്പെടുന്നതാണ്. അതിൽ നിന്നും “വിശ്വസിക്കുക” എന്ന വാക്കു കാണുമ്പോൾ – സ്നാനവും അല്ലെങ്കിൽ സ്നാനം എന്നു പറയുമ്പോൾ വിശ്വാസവും അന്തർലീനമായിരിക്കുന്നു.

മാനസാന്തരവും ഏറ്റുപറച്ചലും കൂടാതെ ഒരാൾക്കു രക്ഷ പ്രാപിക്കുവാൻ കഴിയുകയില്ലെങ്കിൽ, യേശുവിനെ കുറിച്ചുള്ള പ്രസംഗം കേട്ടു പ്രതികരിച്ച ആളുകളോടു പിന്നെ സ്നാനത്തിനു പകരം അവ ചെയ്യണമെന്നു എന്തുകൊണ്ടു പറഞ്ഞില്ല? സ്നാനം രക്ഷക്കു ആവശ്യമില്ലെങ്കിൽ, പിന്നെ അതു അടിക്കടി പറഞ്ഞിരിക്കുന്നതെന്തിനാണ്, എന്നാൽ മാനസാന്തരവും, ഏറ്റു പറച്ചലും (മിക്ക മതസംഘടനകളും അതു രക്ഷക്കു ആവശ്യമായി പരിഗണിക്കുന്നു) എന്തുകൊണ്ട് പറഞ്ഞില്ല?

പ്രവൃത്തികളുടെ പുസ്തകത്തിൽ താഴെ കൊടുത്തിരിക്കുന്ന താരതമ്യം നടത്താവുന്നതാണ്.

എ. അ – ക്രൈസ്തവരോടു താഴെ പറയുന്നതു ചെയ്യുവാൻ പറഞ്ഞിരിക്കുന്നതു എത്ര പ്രാവശ്യം:

1. വിശ്വസിക്കുക – മൂന്നു പ്രാവശ്യം (പ്രവൃത്തികൾ 8:37; 10:43; 16:31).
2. മാനസാന്തരപ്പെടുക – മൂന്നു പ്രാവശ്യം (പ്രവൃത്തികൾ 3:19; 17:30; 26:20).
   മാനസാന്തരപ്പെടുകയും വിശ്വസിക്കുകയും – ഒരിക്കൽ പോലുമില്ല
   മാനസാന്തരപ്പെടുകയും സ്നാനപ്പെടുകയും – ഒരു പ്രാവശ്യം (പ്രവൃത്തികൾ 2:38).
3. വിശ്വസിച്ചു – മൂന്നു പ്രാവശ്യം (പ്രവൃത്തികൾ 2:38; 10:48; 22:16).
   മാനസാന്തരപ്പെടുകയും സ്നാനമേൽക്കുകയും – ഒരു പ്രാവശ്യം (പ്രവൃത്തികൾ 2:38).
   സ്നാനമേൽക്കുകയും ഏറ്റുപറയുകയും – ഒറ്റ പ്രാവശ്യം പോലുമില്ല.

4. ഏറ്റുപറയുക – ഒറ്റ പ്രാവശ്യം പോലുമില്ല.

ബി. ഉടനെ പ്രതികരിച്ചവർ എത്ര പ്രാവശ്യം എന്നു ലൂക്കൊസ് വിവരിച്ചിരിക്കുന്നു:

1. വിശ്വസിച്ചു – പന്ത്രണ്ടു പ്രാവശ്യം (പ്രവൃത്തികൾ 4:4; 8:12, 13; 9:42; 11:17, 21; 13:12; 13:48; 14:1; 17:12, 34; 18:8).
2. സ്നാനമേറ്റു – ഒമ്പതു പ്രാവശ്യം (പ്രവൃത്തികൾ 2:41; 8:12, 13, 38; 9:18; 16:15, 33; 18:8; 19:5).
3. മാനസാന്തരപ്പെട്ടു – ഒറ്റപ്രാവശ്യം പോലുമില്ല.
4. ഏറ്റുപറഞ്ഞു – ഒരു പ്രാവശ്യം (പ്രവൃത്തികൾ 8:37 ആധികാരികമാണെങ്കിൽ; അല്ലെങ്കിൽ, ഇല്ല).
5. വിശ്വസിക്കയും സ്നാനം ഏല്ക്കുകയും – മൂന്നു പ്രാവശ്യം (പ്രവൃത്തികൾ 8:12, 13; 18:8).
6. മാനസാന്തരപ്പെടുകയും സ്നാനമേല്ക്കുകയും – ഒറ്റപ്രാവശ്യം പോലുമില്ല.
7. മാനസാന്തരപ്പെടുകയും ഏറ്റുപറയുകയും – ഒറ്റപ്രാവശ്യം പോലുമില്ല.

സി. സുവിശേഷം അനുസരിച്ച ആളുകളെ സംബന്ധിച്ചു ലൂക്കൊസ് വിവരിക്കുന്നതു എത്ര പ്രാവശ്യം:

1. വിശ്വസിച്ചു – പതിമൂന്നു പ്രാവശ്യം (പ്രവൃത്തികൾ 2:44; 4:32; 11:17; 14:23; 15:5; 16:1, 34; 18:27; 19:2, 18; 21:20, 25; 22:19).
2. സ്നാനമേറ്റു – ഒരു പ്രാവശ്യം (പ്രവൃത്തികൾ 8:16).
3. മാനസാന്തരപ്പെട്ടു – ഒരു പ്രാവശ്യം പോലുമില്ല.
4. ഏറ്റു പറഞ്ഞു – ഒരു പ്രാവശ്യം പോലുമില്ല.

ഈ താരതമ്യങ്ങളിൽ നിന്നു, പ്രവൃത്തികളുടെ പുസ്തകത്തിൽ മാനസാന്തരപ്പെടുകയും ഏറ്റു പറയുകയും, ചെയ്യുക എന്നു പറയുന്നതിനേക്കാൾ വളരെയധികം പ്രാവശ്യം വിശ്വസിക്കുകയും സ്നാനമേല്ക്കുകയും ചെയ്യുക എന്നതാണെന്നു മനസ്സിലാക്കാം. ക്രിസ്ത്യാനികളായി തീരുന്നതിനെ കുറിച്ചു പ്രവൃത്തികളുടെ പുസ്തകത്തിൽ സാധാരണ പറഞ്ഞിരിക്കുന്നത് വിശ്വസിക്കുകയും/ അല്ലെങ്കിൽ സ്നാനമേല്ക്കുകയും എന്നാണ്; അവർ മാനസാന്തരപ്പെട്ടു എന്നോ അവർ ഏറ്റു പറഞ്ഞു എന്നോ ഒരു വേദഭാഗത്തിലും പ്രവൃത്തികളുടെ പുസ്തകത്തിൽ പറയുന്നില്ല.

### സ്നാനം പൗലൊസിന്റെ ലേഖനങ്ങളിൽ

പൗലൊസ് സഭകൾക്കു ലേഖനമെഴുതുമ്പോൾ തന്റെ മിക്ക ലേഖനങ്ങളിലും പുതിയ നിയമ സ്നാനത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ട് (റോമർ 6:3, 4; 1 കൊരിന്ത്യർ 1:13–17; 12:13; ഗലാത്യർ 3:27; എഫെസ്യർ 4:5; കൊലൊസ്യർ 2:12). സ്നാനത്തിന്റെ സ്വാഭാവിക ഫലമായി തുടർന്നു യേശുവിലുള്ള സമർപ്പണ ജീവിതം നയിക്കുവാൻ അവൻ അംഗങ്ങളെ ഉത്സാഹിപ്പിക്കുന്നുണ്ട്. സ്നാനം ജീവന്റെ പുതുക്കത്തിന്റെ ആരംഭമായി പൗലൊസ് പറയുന്നുണ്ട് (റോമർ 6:4; കൊലൊസ്യർ 2:12, 13), അതു അകൃത്യങ്ങളിൽ നിന്നുള്ള മോചനത്തിന്റെയും (കൊലൊസ്യർ 2:13),

യേശുവിനെ ധരിക്കുന്നതിന്റെയും (ഗലാത്യർ 3:27), വിശ്വാസികളുടെ ഐക്യതയുടെയും (1 കൊരിന്ത്യർ 12:13; ഗലാത്യർ 3:27, 28; എഫെ സ്യർ 4:1–6). പൗലൊസ് സ്നാനത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ട്, എന്നാൽ വിശ്വാസം, മാനസാന്തരം, ഏറ്റു പറച്ചിൽ എന്നിവയെകുറിച്ചു ഒന്നും ഇതുമായി ബന്ധപ്പെടുത്തി പറഞ്ഞില്ല. മറ്റു വേദഭാഗങ്ങളിൽ പൗലൊസ് പറഞ്ഞിരിക്കാം (എഫെസ്യർ 5:26; തിത്തൊസ് 3:5)

**സ്നാനം പത്രൊസിന്റെ എഴുത്തുകളിൽ**

പത്രൊസ് വിശ്വാസം എന്ന് നാലു പ്രാവശ്യം പറഞ്ഞിരിക്കുന്നു (1 പത്രൊസ് 1:8, 21; 2:6, 7) വിശ്വാസിയത എന്നു ഏഴു പ്രാവശ്യം പറ ഞ്ഞിരിക്കുന്നു (1 പത്രൊസ് 1:5, 7, 9, 21; 5:9; 2 പത്രൊസ് 1:1, 5) പക്ഷെ രക്ഷയുമായ ബന്ധത്തിൽ ഒരു പ്രാവശ്യം മാത്രം (1 പത്രൊസ് 1:9). ഒരിക്കൽ അവൻ മാനസാന്തരത്തെക്കുറിച്ചു പറഞ്ഞു (2 പത്രൊസ് 3:9), അതു എല്ലാവരിൽ നിന്നും ദൈവം പ്രതീക്ഷിക്കുന്നു എന്നാണ് പറഞ്ഞത്. അവൻ ഏറ്റുപറച്ചിലിനെ കുറിച്ചു ഒരിക്കലും പറഞ്ഞിട്ടില്ല.

നോഹയെയും കുടുംബത്തെയും രക്ഷിച്ചതു നമ്മുടെ രക്ഷയുമായി അവൻ താരതമ്യം ചെയ്തിരിക്കുന്നു:

> ... പണ്ട് നോഹയുടെ കാലത്ത് പെട്ടകം ഒരുക്കുന്ന സമയം ദൈവം ദീർഘക്ഷമയോടെ കാത്തിരിക്കുമ്പോൾ, അനുസരിക്കാത്തവരായി തടവിലുള്ള ആത്മാക്കളോടു പ്രസംഗിച്ചു. ആ പെട്ടകത്തിൽ അല്പജനം എന്നുവെച്ചാൽ എട്ടുപേർ, വെള്ളത്തിൽ കൂടി രക്ഷ പ്രാപിച്ചു. അതു സ്നാനത്തിനു ഒരു മുൻകുറി. സ്നാനമോ – ഇപ്പോൾ ജഡത്തിന്റെ അഴുക്കു കളയുന്നതായിട്ടല്ല, ദൈവത്തോടു നല്ല മന സ്സാക്ഷിക്കായുള്ള – അപേക്ഷയായിട്ടത്രേ യേശുക്രിസ്തുവിന്റെ പുന രുത്ഥാനത്താൽ നമ്മെയും രക്ഷിക്കുന്നു (1 പത്രൊസ് 3:20, 21).

**ചുരുക്കം**

ആദ്യം സ്നാനത്തെ പ്രസംഗിച്ചതു യോഹന്നാൻ സ്നാപകനും, പിന്നെ യേശുവും, അതിനുശേഷം അപ്പൊസ്തലന്മാരും ആദ്യ സഭയും സ്നാനത്തെ ഉപദേശിച്ചു. യേശുവിന്റെ മരണശേഷം, സുവിശേഷം പ്രസംഗിച്ചവരാണ് സ്നാനം കൊടുത്തുകൊണ്ടിരുന്നത്, അതു സുവി ശേഷം പഠിപ്പിക്കപ്പെട്ടവരും, പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ടു, ദൈവവുമായി പുതിയ ജീവിതവും ബന്ധവും അന്വേഷിച്ചവർക്കായി രുന്നു നല്കിയിരുന്നത്. ദൈവവുമായി തെറ്റായ ബന്ധം ഉണ്ടായിരുന്ന വർ അതു യേശുവിന്റെ രക്തം മുഖാന്തരം നിരപ്പു പ്രാപിക്കുന്ന ഒന്നാ യിട്ടാണ് സ്നാനത്തെ കണക്കാക്കിയിരുന്നത്, പുതിയ ജീവിതം ആരം ഭിക്കുന്നതും അപ്പോൾ മുതലാണ്.

## വെള്ളം ദൈവത്തിന്റെ രക്ഷാ പദ്ധതിയിൽ

വെള്ളം ജീവിതത്തിനു പ്രാധാന്യമുള്ളതാണ്. വെള്ളം കൂടാതെ ഈ ഭൂമിയിൽ ജീവിക്കുവാൻ സാധ്യമല്ല എന്നു നാം അറിയുന്നതു പോലെ ശാസ്ത്രജ്ഞന്മാരും അറിയുന്നുണ്ട്. പല കാര്യങ്ങളിലും ദൈവം തന്റെ ഉദ്ദേശം നിറവേറ്റുവാൻ വെള്ളത്തെ തിരഞ്ഞെടുത്തിട്ടുണ്ട്. ആദിയിൽ, ദൈവം എല്ലാം സൃഷ്ടിച്ചപ്പോൾ, "വെള്ളത്തിൽ നിന്നും വെള്ളത്താലും ആണ് ഭൂമി ഉളവായത്" (2 പത്രൊസ് 3:5). വെള്ളത്താൽ ഭൂമി രൂപപ്പെടുത്തിയശേഷമാണ് ഭൂമിയിൽ ജീവന്റെ നിലനില്പിനു സാധ്യതയുണ്ടായത്. ഭൂമി നനെച്ചതു വെള്ളം കൊണ്ടാണ് (ഉല്പത്തി 2:6) തുടർന്നു ഭൂമിയിൽ ഭൗതിക ജീവനുള്ളവയെല്ലാം അങ്ങനെ നില്ക്കാൻ തുടങ്ങി.

നോഹക്കു വെള്ളത്തിലൂടെ സുരക്ഷ നല്കി (1 പത്രൊസ് 3:20). നോഹ പെട്ടകം ഉണ്ടാക്കി കഴിഞ്ഞപ്പോൾ, നോഹയെയും കുടുംബത്തെയും രക്ഷിക്കുവാൻ നാശത്തിൽനിന്നു മോചിപ്പിക്കുവാൻ വെള്ളം ആവശ്യമായി വന്നു. അതിനു പകരം ദൈവം തീ അയച്ചിരുന്നെങ്കിൽ, അവർ ദഹിച്ചു പോകുമായിരുന്നു. ദൈവം ജലപ്രളയം വരുത്തിയപ്പോൾ പെട്ടകത്തിനകത്തുള്ള മനുഷ്യജീവിതത്തെ സൂക്ഷിക്കുവാനും വെള്ളം ആവശ്യമായിരുന്നു.

മിസ്രയിം സൈന്യത്തിൽ നിന്നു യിസ്രായേൽ മക്കൾ രക്ഷപ്പെട്ടതു വെള്ളത്തിൽ കൂടെയായിരുന്നു. ഫറവോന്റെ സൈന്യത്തെ വെള്ളത്താൽ നശിപ്പിക്കയുണ്ടായി (പുറപ്പാട് 14:26–29). പുറപ്പാട് 14:30 ൽ നാം വായിക്കുന്നതു, "അങ്ങനെ അന്നു യിസ്രായേൽ മക്കളെ മിസ്രയിമ്യരുടെ കയ്യിൽ നിന്നു യഹോവ വിടുവിച്ചു." പൗലൊസ് പിന്നീട് എഴുതി, "എല്ലാവരും മേഘത്തിലും സമുദ്രത്തിലും സ്നാനം ഏറ്റു മോശെയോടു ചേർന്നു" (1 കൊരിന്ത്യർ 10:2). ഈ വാക്യം എടുത്തു ചിലർ സ്നാനം തളിക്കലാണ് എന്നു വാദിക്കാറുണ്ട്. അവർ വിചാരിക്കുന്നത് യിസ്രായേൽ സമുദ്രത്തുകൂടെ നടന്നുപോയപ്പോൾ മേഘം അവരുടെ മേൽ തൂളി എന്നാണ്. അതു വാസ്തവമെങ്കിൽ, യിസ്രായേൽ മക്കൾ "ഉണങ്ങിയ നിലത്തുകൂടെ" കടന്നു പോയില്ല (പുറപ്പാട് 14:22). വാസ്തവത്തിൽ, ദൈവം യിസ്രായേലിനു കൊടുത്ത മേഘം വെള്ളമുള്ള മേഘമായിരുന്നില്ല, മറിച്ചു പുകപോലെയുള്ള മേഘമായിരുന്നു. "പകലിനു ഒരു മേഘവും പുകയും രാത്രിക്കു അഗ്നിജ്വാലയുടെ പ്രകാശവും" (യെശയ്യാവു 4:5).

പിന്നീട് യിസ്രായേൽ വാഗ്ദത്ത ദേശത്തേക്കു പ്രവേശിക്കുവാൻ വെള്ളത്തിൽ കൂടെ കടന്നുപോയി (യോശുവ 3:14–17). വെള്ളത്തിൽ കൂടെ കടന്നു, ജനങ്ങൾ ദൈവത്തിന്റെ വാഗ്ദത്തം ചെയ്ത അനുഗ്രഹങ്ങൾ പ്രാപിച്ചു.

നയമാനെയും അവന്റെ കുഷ്ഠ രോഗത്തെ മാറ്റുന്നതിനും ഇടക്കു വെള്ളം ഉണ്ടായിരുന്നു (2 രാജാക്കന്മാർ 5:1–14). യേശുവിന്റെ അടുക്കൽ വന്ന ഒരു കുരുടനെ യേശു വെള്ളം ഉപയോഗിച്ചു സൗഖ്യമാക്കി

(യോഹന്നാൻ 9:6, 7).

സ്വർഗ്ഗീയമായ ജീവന്റെ നിലനില്പിനും ജീവനദി ഒഴുകുന്നതായി ആലങ്കാരികമായി പറഞ്ഞിട്ടുണ്ട് (വെളിപ്പാട് 22:1). ദൈവത്തിന്റെ അനുഗ്രഹങ്ങൾ പലതും, ജീവൻ അടക്കം, വെള്ളത്തിൽ കൂടെയാണ് വരുന്നത്. യേശു മുഖാന്തരം രക്ഷ പ്രാപിക്കുവാൻ വരുന്നവർക്കും ദൈവം വെള്ളം വെച്ചിരിക്കുന്നതു യാദൃശ്ചികമല്ല (1 പത്രൊസ് 3:21). താരതമ്യം നോക്കിയാൽ ഭൗതിക ജീവൻ രക്തത്തെയും (ഉല്പത്തി 9:4) ആത്മിയ ജീവൻ യേശുവിന്റെ രക്തത്തെയും (എബ്രായർ 9:22), ആശ്രയിച്ചിരിക്കുന്നതുപോലെ ഭൗതിക ജീവിതത്തിനും ക്രിസ്തുവിലുള്ള പുതിയ ആത്മിയ ജീവിതത്തിനും വെള്ളം ആവശ്യമാണ് (റോമർ 6:4).

© 2009 Truth for Today